LIBRARY ARCHIVES Kerala Legislative Assembly

യുവജനങ്ങൾക്ക് അസാപ് മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ

188(1173) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് മുഖേന നടപ്പിലാക്കുന്ന കോഴ്സുകൾ ഏതൊക്കെയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

അസാപ് മുഖേന നടപ്പിലാക്കുന്ന കോഴ്സുകൾ അനുബന്ധമായി ഇതിനോടൊപ്പം ചേർക്കുന്നു*.

(ബി) ഏതൊക്കെ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അസാപ്വഴി പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ; ഇത് യുവാക്കളുടെ ജോലി സാധ്യതയ്ക്ക് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

B.A, B.Sc, B.com, M.A, M.Sc, M.com, B.Tech, M.Tech, BCA, MCA, BDS, BHMS, BAMS, BUMS, BPT, B.Pharm, എന്നീ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രസ്തുത കോഴ്സുകളുടെ പ്രയോജനം ലഭ്യമാക്കുക. ദേശീയ, അന്തർദേശീയ, ബഹുരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന തൊഴിലവസരങ്ങൾക്ക് അനുസൃതമായ കോഴ്സുകളാണ് അസാപ് നടപ്പിലാക്കുന്നത്.

(സി) പി.എസ്.സി, ബാങ്കിംഗ്, ഐ.ടി., മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് ശ്രമിക്കുന്ന വിദ്യാർത്ഥികൾക്ക് അസാപ് മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

നിപുണത പരിശീലനത്തിലൂടെ കേരളത്തിലെ യുവജനങ്ങളെ തൊഴിലിലേയ്ക്ക് എത്തിക്കുക എന്നതാണ് അസാപ് പ്രധാനമായും ലക്ഷ്യമിടുന്നത്.

(ഡി) നിലവിലെ സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യോഗ്യതയുള്ള ജീവനക്കാരുടെ സേവനവും അടിസ്ഥാന സൗകര്യങ്ങളും അസാപ്പിനുവേണ്ടി ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോവിഡ് മഹാമാരി കാരണം ഏതുതരത്തിലാണ് അസാപ് കോഴ്സുകൾ നടപ്പിലാക്കുന്നതെന്നും ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ?

കോവിഡ് കാലത്ത് അസാപ് കോഴ്സുകൾ ഓൺലൈൻ മുഖേനയാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത്. ഇത്തരം ഓൺലൈൻ കോഴ്സുകളുടെ നടത്തിപ്പിനായി അസാപ്പിന്റെ സ്വന്തം ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോം ആയ അധ്യായനം കൂടാതെ അസാപ്പിന്റെ പരിശീലന പങ്കാളികളുടെ ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോമും ഉപയോഗിക്കുന്നു. ഇതിനുവേണ്ടി വിവിധ കമ്പനികളുമായി സഹകരിക്കുകയും അതുവഴി നൂതന വിവരസാങ്കേതിക രംഗത്തും ഫാർമസ്യൂട്ടിക്കൽ രംഗത്തും ബാങ്കിങ് & ഫിനാൻസ് മേഖലയിലുള്ള പുതിയ കോഴ്സുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

(എഫ്) കോഴ്സുകൾക്കുള്ള ഫീ സബ്സിഡി ഏതൊക്കെ വിഭാഗം വിദ്യാർത്ഥികൾക്കാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഫിനിഷിംഗ് കോഴ്സ് ഫോർ നഴ്സസ് എന്ന പ്രോഗ്രാമിന് പട്ടികജാതി/ പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗം എന്നീ വിഭാഗത്തിൽപ്പെട്ടവർക്കും ഗ്രാഫിക് ഡിസൈനർ, സൈബർ സെക്യൂരിറ്റി എന്നീ പ്രോഗ്രാമുകൾക്കും നബാർഡ് നിശ്ചയിച്ച പ്രകാരം ഗ്രാമീണ മേഖലയിൽ നിന്നുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകൾക്കും നോർക്ക വകുപ്പ് അംഗീകരിച്ച കോഴ്സുകൾക്ക് കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെവന്ന പ്രവാസികൾക്കുമാണ് ഫീസ് സബ്സിഡി ലഭ്യമാക്കുന്നത്.

(ജി) അസാപ് കോഴ്സുകളിൽ കമ്പനികളിൽ ഇന്റേൺഷിപ്പിന് അവസരമുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ അസാപ് കോഴ്സുകൾ നടത്തുന്നുണ്ട് എന്ന് അറിയിക്കാമോ?

ഉണ്ട്. അസാപ് പ്രോഗ്രാമുകളിൽ ഇന്റേൺഷിപ്പ് ഒരു അവിഭാജ്യഘടകമായി ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് പരിശീലന മേഖലയുമായി ബന്ധപ്പെട്ട കമ്പനികളിൽ ഇന്റേൺഷിപ്പ് അവസരം അസാപ് മുഖാന്തരം നൽകുന്നു. എന്നാൽ ഈ കോവിഡ് മഹാമാരി കാലത്ത്, ഓഫ് ലൈൻ ഇൻറ്റേൺഷിപ്പുകൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ അസാപ് കോഴ്സുകൾ നടക്കുന്ന കേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. GVHSS താമരശ്ശേരി
2. GGHSS ബാലുശ്ശേരി
3. GGHSS കൊയിലാണ്ടി
4. GGHSS മടപ്പള്ളി
5. GHSS കല്ലാച്ചി
6. GVHSS കുറ്റിച്ചിറ
7. ആർ.ഇ.സി. HSS ചാത്തമംഗലം
8. GHSS കാരപറമ്പ
9. ഗവ ആർട്സ് ആൻഡ് സയൻസ് കോളേജ്, മീഞ്ചന്ത
10. മെഡിക്കൽ കോളേജ് ക്യാമ്പസ് HSS
11. GHSS കുറ്റ്യാടി
12. ഗണപത് ഗേൾസ് HSS ഫാറൂഖ്
13. കേരള ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, വെസ്റ്റ് ഹിൽ കോഴിക്കോട്
14. ഗവണ്മെന്റ് വിമൻസ് പോളിടെക്നിക് കോളേജ് മലാപ്പറമ്പ, കോഴിക്കോട്
15. എം ദാസൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്

കമ്മ്യൂണിറ്റി സ്കിൽ പാർക്കിന് സ്ഥലം വിട്ടുനൽകാൻ നടപടി

189 (1174) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ്-ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി പേരാമ്പ്ര സി.കെ.ജി. കോളേജിന്റെ സ്ഥലം വിട്ടുനൽകുന്നതിന് 1-1-2020-ലെ ഉന്നതതലയോഗത്തിൽ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

&